പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം153 | 07/03/2017 ൽ മറുപടി നല്കേണ്ടത്. |

## പച്ചക്കറികളിലെ വിഷാംശം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ<br>,, സി.കൃഷ്ണൻ<br>,, ഒ. ആർ. കേളു<br>,, പി. ഉണ്ണി | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)** |
| എ) | പച്ചക്കറികളിലെ വിഷാംശം കണ്ടെത്തുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | കേരളത്തിലെ പച്ചക്കറി മാർക്കറ്റുകളിൽ നിന്നും ചെക്ക് പോസ്റ്റുകളിൽ കൂടി കടന്നു വരുന്ന ലോറികളിൽ നിന്നും പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകളിൽ പരിശോധിച്ചു വരുന്നു. ഇതുകൂടാതെ സാമ്പിളുകൾ വെള്ളായണി കാർഷികകോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കാറുണ്ട്. ഇത്തരം പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന പരിധിയിലും കൂടുതലായി കീടനാശിനികളുടെ അളവ് കണ്ടെത്തിയാൽ അവർക്കെതിരെ 2006 ലെ ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | സംസ്ഥാനത്തെ സൂപ്പർ മാർക്കറ്റുകൾ, ജൈവ പച്ചക്കറി മാർക്കറ്റുകൾ എന്നിവയിൽ നിന്നുൾപ്പെടെ ശേഖരിച്ച പച്ചക്കറി സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ മാരക കീടനാശിനി അടങ്ങിയതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, രാസപരിശോധന വ്യാപകമാക്കാൻ നടപടിയെടുക്കുമോ; | ബി) | സംസ്ഥാനത്തെ സൂപ്പർ മാർക്കറ്റുകൾ, ജൈവ പച്ചക്കറി മാർക്കറ്റുകൾ എന്നിവയിൽ നിന്നുൾപ്പെടെ ശേഖരി ച്ച പച്ചക്കറി സാമ്പിളുകൾ വെള്ളായ ണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ മാരക കീടനാശിനിസാന്നിദ്ധ്യം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാവകുപ്പിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സഹായത്താൽ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പച്ചക്കറിസാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ അയച്ച് രാസപരിശോധന നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ജൈവ പച്ചക്കറിയെന്ന് വിശ്വസിപ്പിച്ച് ജനങ്ങളെ കബളിപ്പിക്കുന്നവർക്കെതിരെയും ഇത്തരം വ്യാപാരികൾക്കെതിരെയും കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | സി) | ഭക്ഷ്യസുരക്ഷാഗുണനിലവാര നിയമം 2006 ജൈവ പച്ചക്കറിക്ക് പ്രത്യേക ഗുണനിലവാര വ്യവസ്ഥകൾ നിർവചിച്ചിട്ടില്ല. എന്നിരുന്നാലും ജൈവപച്ചക്കറികളിലും കീടനാശിനികളുടെ അംശം കാണാൻ പാടില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ കബളിപ്പിക്കുന്ന ലേബലുകൾ (മിസ്ബ്രാൻഡ്) ഉപയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ കേസ്സുകൾ എടുക്കാൻ നിർദ്ദേശം നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ